"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - വെട്ടൂർ ഗ്രാമപഞ്ചായത്ത്- പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്ത് വരുന്ന ശ്രീമതി. എസ്. തങ്കമണിയെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2288/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/12/2020

പരാമർശം:- 1 സ.ഉ(പി) 501/2005/ഫിൻ തീയതി. 25.11.2005

2 സ.ഉ(പി) നം. 61/2010/ധന തീയതി 09.02.2010

3 സർക്കുലർ നം. 19/2016/ധന തീയതി 05.03.2016

4 ശ്രീമതി. എസ്. തങ്കമണിയുടെ 6.12.2017 ലെ നിവേദനം.

5 ബഹു.കേരളാ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 08.04.2019 ലെ ഒ.എ(ഇകെഎം) 424/2014 നം. ഉത്തരവ്

6 പഞ്ചായത്ത് ഡയറക്ടറുടെ 15.5.2019 ലെ ഇ9-20695/10 നം. കത്ത്

7 പഞ്ചായത്ത് ഡയറക്ടറുടെ 16.12.2019 ലെ PAN/11435/2019-E5(DP) നം. കത്ത്

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ ഗ്രാമപഞ്ചായത്തിൽ താൽക്കാലിക അടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്ത് വന്നിരുന്ന ശ്രീമതി. എസ്. തങ്കമണി ടിയാരിക്ക് സ്ഥിരനിയമനം നല്കണമെന്ന് അഭ്യർത്ഥിച്ച പരാമർശം (4) പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. കൂടാതെ ശ്രീമതി. എസ്. തങ്കമണി ടിയാളെ സ്ഥിരപ്പെടുത്തുന്നതിലേക്കായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ(ഇകെഎം) 424/2014 നമ്പർ ഹർജി ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജിയിലെ പരാമർശം (5) പ്രകാരമുള്ള ഉത്തരവിൽ താഴെ പറയും പ്രകാരം നിർദേശിച്ചു:

"............... there will be a direction to the 1st respondent to consider the proposal submitted by the 3rd respondent Panchayat for sanctioning a post of Full-time Sweeper and for regularizing the service of the applicant in accordance with Annexure A2 Government Order. If there is any defect in the proforma submitted or the certificate produced by the Panchayat, the 1st respondent shall see whether those defects can be got cured. The eligibility of the applicant for being regularised shall be considered strictly in terms of Annexure A2 Government Order. The 1st respondent shall pass necessary orders in this regard within a period of four months from the date of receipt of a certified copy of this order. Needless to say that if the decision is in favour of the applicant, she will be entitled to all consequential benefits. The Original Application is disposed of as above."

വെട്ടൂർ ഗ്രാമപഞ്ചായത്തിൽ ശുചീകരണ ജോലികൾക്കായി ഒരു ഫുൾടൈം സ്വീപ്പർ തസ്തികയാണ് ഉണ്ടായിരുന്നത്. ഫുൾടൈം സ്വീപ്പറായിരുന്ന ശ്രീമതി.തുളസി 31.03.2001 തീയതിയിൽ സർവ്വീസിൽ നിന്നും വിരമിച്ചതിനെതുടർന്ന് പകരം ആളെ നിയമിക്കുന്നതുവരെ വിളബ് ഭാഗം മാർക്കറ്റും പഞ്ചായത്ത് ഓഫീസും പരിസരവും തൂത്ത് വൃത്തിയാക്കുന്നതിന് ശ്രീമതി.തങ്കമണി, മഞ്ചുമന്ദിരം, വെന്നികോട്.പി.ഒ. എന്ന വ്യക്തിയെ പഞ്ചായത്തിന്റെ 28.06.2001ലെ 17(8) നമ്പർ തീരുമാന പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചു. എന്നാൽ പുത്തൻചന്ത മാർക്കറ്റും പരിസരവും എൽ.എസ്.ജി.ഡി. ഓഫീസ്, വി.ഇ.ഒ. ഓഫീസ്, കുടുംബശ്രീ ഓഫീസ് ബിൽഡിംഗ് എന്നിവയും പരിസരവുംകൂടി തൂത്തുവൃത്തിയാക്കുന്നതിന് ശ്രീമതി.തങ്കമണിയുടെ സേവനം മതിയാകാത്ത സാഹചര്യം ഉണ്ടായതിനാൽ ശ്രീമതി. ശ്യാമള എന്നായളെ ഗ്രാമപഞ്ചായത്തിന്റെ 04.07.2001 തീയതിയിലെ 4-ാം നമ്പർ തീരുമാന പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചതായും ശ്രീമതി. ശ്യാമള, ശ്രീമതി.തങ്കമണി എന്നിവരുടെ നിയമനം സ്ഥിരപ്പെടുത്തുന്നതിന് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നതായും

നിലവിലുള്ള ഏൾടൈം തസ്തികയിൽ ശ്രീമതി.ലിയാമ്മ.എം.പെരേര 12.11.2010 തീയതിയിൽ ജോലിയിൽ പ്രവേശിച്ചുവെങ്കിലും 2001 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന ശ്രീമതി.ശ്യാമള, ശ്രീമതി.തങ്കമണി എന്നിവരെ ജോലിയിൽ തുടരുന്നതിന് 15.11.2010 തീയതിയിലെ VII (4) നമ്പർ തീരുമാന പ്രകാരം അനുവദിച്ചതായും പരാമർശം (6) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (5) ഉത്തരവിൽ നിർദേശിച്ചിരുന്ന വെട്ടൂർ ഗ്രാമപഞ്ചായത്തിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (7) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് പ്രകാരം 25/11/2005 തീയതിയിൽ തുടർച്ചയായി കാഷ്വൽ സ്വീപ്പറായി ജോലി നോക്കി വരുന്ന 100 ച. മീറ്ററിൽ അധികം സ്വീപ്പിംങ് ഏര്യ ഉള്ള ഓഫീസുകളിലെ കാഷ്വൽ സ്വീപ്പർ മാത്രമാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് അർഹതയുള്ളത്. പരാമർശം (2) ഉത്തരവിൽ മാർക്കറ്റ്, പബ്ലിക് ഗാർഡൻ, ബസ് സ്റ്റാൻഡ്, പൊതു നിരത്തുകൾ എന്നിവ വൃത്തിയാക്കുന്നവർ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേക്കുള്ള സ്ഥിരപ്പെടുത്തലിന് അർഹത ഇല്ല എന്ന് ഉത്തരവായിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടർ പരാമർശം (7) പ്രകാരം ലഭ്യമാക്കിയ പ്രൊപ്പോസലിലെ സാക്ഷ്യപത്രത്തിൽ നിന്നും ശ്രീമതി.തങ്കമണി മാർക്കറ്റ് സ്വീപ്പറാണെന്ന് കാണുന്നു. കൂടാതെ പരാമർശം (3) സർക്കുലർ പ്രകാരം 05/03/2016 വരെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് താൽക്കാലിക സ്വീപ്പർമാരെ ക്രമീകരിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകിയിരുന്നതും പ്രസ്തുത തീയതിക്കുശേഷം ലഭിക്കുന്ന കാഷ്വൽ സ്വീപ്പർമാരുടെ ക്രമവൽക്കരണത്തിനുള്ള പ്രൊപ്പോസൽ പരിഗണിക്കുന്നതല്ല എന്നും വ്യവസ്ഥ ചെയ്തിരുന്നു. ആയതിനാൽ വെട്ടൂർ ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി. തങ്കമണിയെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം പരിഗണിക്കുവാൻ നിർവാഹമില്ല..

മേൽ സാഹചര്യത്തിൽ വെട്ടൂർ ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്ത് വരുന്ന ശ്രീമതി. എസ്. തങ്കമണിയെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം ( 4 ) ലെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

ശ്രീമതി. എസ്. തങ്കമണി, താൽക്കാലിക സ്വീപ്പർ, വെട്ടൂർ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല
(സെക്രട്ടറി, വെട്ടൂർ ഗ്രാമപഞ്ചായത്ത് മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം ജില്ല.

സെക്രട്ടറി, വെട്ടൂർ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ധനകാര്യ വകുപ്പ്(DEV-1/63/2020-FIN തീയതി 27.7.2020)

ഐ&പിആർഡി -വെബ് & ന്യൂ മീഡിയ

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/29/2018-LSGD) / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ